(സി) ക്യാൻസർ ചികിത്സയുള്ള ജില്ലാ ക്യാൻസർ കെയർ പദ്ധതി എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) നിർദ്ധനരായ രോഗികൾക്ക് (BPL ലിസ്റ്റിൽപ്പെട്ടവർക്ക്) മൂന്നുലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് സൗജന്യമാക്കിക്കൊണ്ട് 1-11-2014 മുതൽ സംസ്ഥാന സർക്കാർ സുകൃതം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട്, ചിസ്+, തുടങ്ങിയ പദ്ധതികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി നിലവിലുണ്ട്.

(ഇ) തത്കാലം പരിഗണനയിലില്ല.

ആരോഗ്യ സാക്ഷരത

23 (730) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ സാക്ഷരതയിൽ കേരളം പിന്നിലാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണ പരിപാടി ഊർജ്ജിതമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഹോമിയോപ്പതിക് വകുപ്പിന് 2014-15 വാർഷിക പദ്ധതി പ്രകാരം ജില്ലാതലത്തിൽ ആരോഗ്യ ബോധവൽക്കരണത്തിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ പ്രചരണത്തിനുമായി ഓരോ ജില്ലയ്ക്കും ഒരു ലക്ഷം രൂപ വീതം ജില്ലാ മെഡിക്കലോഫീസർമാർക്ക് നല്കുകയുണ്ടായി. പ്രസ്തുത ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഓരോ ജില്ലയിലും ആരോഗ്യ ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സെമിനാറുകളും ആരോഗ്യ പ്രചരണവും നടത്തിവരുന്നു. കൂടാതെ എം.ഡി.എ. പൾസ് പോളിയോ തുടങ്ങി പ്രത്യേക പരിപാടികൾ വരുമ്പോൾ പ്രത്യേകമായിട്ടുള്ള മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് വിതരണം, വീടുകൾതോറും കയറി ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. ഹോമിയോപ്പതി വകുപ്പിനുകീഴിലുള്ള ഓരോ ആശുപത്രിക്കും ഡിസ്പെൻസറിക്കും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും ഐ.ഇ.സി (ഇൻഫർമേഷൻ-എഡ്യൂക്കേഷൻ-കമ്മ്യൂണിക്കേഷൻ) സ്ഥാപനം ഒന്നിന് 5000 രൂപ വീതവും നല്കിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ആരോഗ്യ സാക്ഷരത പരിഹരിക്കുന്നതിനും ആരോഗ്യ ബോധവൽക്കരണത്തിനുമായുള്ള പ്രവർത്തനങ്ങൾ ഓരോ ഹോമിയോപ്പതി സ്ഥാപനം മുഖേനയും നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala-Legislative Assembly